**POLICE** **DEPARTMENT**

**KERALA**

**No. E1-21934/2017/R**

ജില്ലാ പോലീസ് ഓഫീസ്,

തൃശ്ശൂർ റൂറൽ

sptsrrl.pol@kerala.gov.in

04872361000

തീയതി. 19-04-2017

**ലേല പരസ്യം**

തൃശ്ശൂർ ജില്ലാ സായുധസേനയിൽ സൂക്ഷിച്ചിട്ടുള്ള ഉപയോഗശൂന്യമായ 44 സാധന സാമഗ്രികൾ 03.05.2017 തീയതി രാവിലെ 11.00 മണിക്ക് ജില്ലാ സായുധസേന റീക്രിയേഷൻ ഹാളിൽ വെച്ച് പരസ്യമായി ലേലം / ദർഘാസ് നടത്തുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലസ്ഥലത്ത് കൃത്യസമയത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി ലേലസ്ഥലത്ത് വെച്ച് ലേലത്തിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ മുൻപാകെ 500 രൂപ നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതും പേര് രെജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം നഷ്ടപ്പെട്ടവർക്ക് അവർ കെട്ടിവെച്ച നിരതദ്രവ്യം തിരികെ നൽകുന്നതുമാണ്.

ടി വസ്തുവകകൾ വാങ്ങുന്നതിന് ദർഘാസുകൾ സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നവർ മുൻകൂട്ടി തയ്യാറാക്കിയ ദർഘാസുകൾ മുദ്ര വെച്ച കവറിൽ നേരിട്ടോ തപാൽ മാർഗ്ഗമോ ജില്ലാ പോലീസ് മേധാവി,തൃശ്ശൂർ റൂറൽ എന്ന വിലാസത്തിൽ 02.05.2017 തീയതി വൈകീട്ട് 4.00 മണിക്ക് മുമ്പായി ലഭിക്കത്തക്ക വിധം സമർപ്പിക്കേണ്ടതാണ്.ഇപ്രകാരം ദർഘാസുകൾ സമർപ്പിക്കുന്നവർ നിരതദ്രവ്യമായ 500 രൂപ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും ജില്ലാ പോലീസ് മേധാവി തൃശ്ശൂർ റൂറൽ എന്ന പേരിൽ മാറാവുന്ന വിധം ഡിമാണ്ട് ഡ്രാഫ്റ്റ് ആയി ഉള്ളടക്കം ചെയ്യേണ്ടതാണ്. ഇത്തരത്തിൽ ഡി.ഡി. ഉള്ളടക്കം ചെയ്യാത്ത ദർഘാസുകൾ പരിഗണിക്കുന്നതല്ല. ദർഘാസുകൾ അടക്കം ചെയ്ത കവറിന് പുറത്ത് "ഉപയോഗ ശൂന്യമായ സ്റ്റോർ ആർട്ടിക്കിൾസ് വാങ്ങുന്നതിനുള്ള ദർഘാസ്" എന്ന് പ്രത്യേകം രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ദർഘാസുകൾ പരിഗണിക്കുന്നതല്ല.

ലേലത്തിൽ പങ്കെടുക്കുന്നവർ അവരുടെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് കർശനമായും സമർപ്പിക്കേണ്ടതാണ്. ലേലവസ്തുക്കൾ ലേലത്തിന് മുൻപുള്ള 10 പ്രവൃത്തിദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകീട്ട് 4.00 മണി വരെ ഡിവൈഎസ്പി ഭരണവിഭാഗത്തിൻറെ അനുമതിയോടുകൂടി പരിശോധിച്ച് ബോധ്യപ്പെടുന്നതിനുള്ള അവസരമുണ്ടായിരിക്കുന്നതാണ്.

03.05.2017 രാവിലെ 11.00 മണിക്ക് തദവസരത്തിൽ സന്നിഹിതരായിട്ടുള്ള ലേലക്കാരുടെ സാന്നിധ്യത്തിൽ ലേല നടപടികൾ ആരംഭിക്കുന്നതും ഏറ്റവും കൂടിയ തുക രേഖപ്പെടുത്തിയ ദർഘാസ് ലേലം വിളിച്ച വ്യക്തിയുടെ പേരിൽ യുക്തമെന്നു കണ്ടാൽ താൽക്കാലികമായി ലേലം സ്ഥിരപ്പെടുത്തുന്നതും ടിയാൻ ഉടൻ തന്നെ ലേലസംഖ്യയുടെ പകുതിയിൽ കുറയാത്ത തുക (നിരതദ്രവ്യം കിഴിച്ച്) ലേലസ്ഥലത്ത് വെച്ചുതന്നെ അടക്കേണ്ടതും ബാക്കി തുക നിയമാനുസൃതമായ നികുതികൾ ഉൾപ്പെടെ ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടിയാലുടൻ, അടച്ച് ലേലവസ്തുക്കൾ ലേലം കൊണ്ടയാൾ സ്വന്തം ചെലവിൽ ഏഴു ദിവസത്തിനകം ജില്ലാ സായുധസേന പരിസരത്തു നിന്നും കൊണ്ടുപോകേണ്ടതുമാണ്. ലേലം സ്ഥിരപ്പെടുത്തിയ ശേഷം ലേല വസ്തുക്കൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഡിപാർട്ട്മെൻറിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല. ലേല ദിവസം പൊതു അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം മേൽ പ്രസ്താവിച്ച സമയത്ത് ലേലനടപടികൾ കൈക്കൊള്ളുന്നതായിരിക്കും.

മേൽ പ്രസ്താവിച്ച നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ട വ്യക്തി പ്രവർത്തിക്കുകയാണെങ്കിൽ ടി ലേലവസ്തുക്കൾ പുനർലേലം ചെയ്യുന്നതും തദ്വാരാ സർക്കാരിനുണ്ടാകുന്ന നഷ്ടത്തിന് ടിയാൻ ഉത്തരവാദിയാകുന്നതും ടിയാൻ അടച്ച നിരതദ്രവ്യമടക്കമുള്ള തുക സർക്കാരിലേക്ക് മുതൽക്കൂട്ടാകുന്നതുമാകുന്നു. കൂടാതെ ഇതുമൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം ടിയാനിൽനിന്നും വസൂലാക്കുന്നതുമായിരിക്കും. പുനർലേലത്തിൽ കൂടുതൽ തുക ലഭിക്കുകയാണെങ്കിൽ ടി തുകയിൽ ടിയാന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല.

ലേലം കാരണം കൂടാതെ മാറ്റിവെയ്ക്കാനോ നടത്താതിരിക്കാനോ അസ്ഥിരപ്പെടുത്തുവാനോ ഉള്ള അധികാരം ജില്ലാ മേധാവിയിൽ നിക്ഷിപ്തമാണ്. ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമാണ്. കൂടുതൽ

വിവരങ്ങൾക്ക് ഡിവൈഎസ്പി ഭരണവിഭാഗം തൃശ്ശൂർ റൂറലുമായി ബന്ധപ്പെടാവുന്നതാണ്.
സാധനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**Details of Unserviceable articles of Dist. Police Office, Thrissur Rural kept in AR Camp Thrissur**

| SLNO | Name of Scrap | Total Nos |
|---|---|---|
| 1 | S Type Chair | 90 |
| 2 | Plastic Chair | 78 |
| 3 | Iron Cot | 5 |
| 4 | Pedestal Fan | 1 |
| 5 | Computer Chair | 31 |
| 6 | Helmet with wiser | 100 |
| 7 | Helmet ordinary | 185 |
| 8 | Office Chair Cushioned | 24 |
| 9 | Shield ( Cane) | 65 |
| 10 | Office Table (Iron) | 5 |
| 11 | Table (Wooden) | 6 |
| 12 | Bench (Wooden) | 4 |
| 13 | Uniform Stand | 11 |
| 14 | Chair (Iron) | 6 |
| 15 | Office Chair Revolving | 79 |
| 16 | Body Protector | 2 |
| 17 | Lathy (Fiber) | 4 |
| 18 | Shield (Fiber) | 3 |
| 19 | Mosquito Net | 2 |
| 20 | Rain coat | 9 |
| 21 | Steel Almirah | 2 |
| 22 | Wooden Chair | 16 |
| 23 | Fan & Ceiling Fan | 6 |
| 24 | Water Purifier | 3 |
| 25 | Steel Table | 3 |
| 26 | Type Writer | 2 |
| 27 | Solar Lamp | 2 |
| 28 | TV Stand | 1 |
| 29 | Door | 4 |
| 30 | Window | 4 |
| 31 | Steel Rack | 2 |

| | | |
|---|---|---|
| 32 | Call Bell | 3 |
| 33 | Flask | 1 |
| 34 | Lamb | 4 |
| 35 | Iron Bucket | 2 |
| 36 | Bucket | 2 |
| 37 | Box | 3 |
| 38 | Dusk (Wooden) | 1 |
| 39 | Water Filter | 1 |
| 40 | Battery | 1 |
| 41 | Printer | 5 |
| 42 | CPU | 1 |
| 43 | Flush Tank | 1 |
| 44 | Wash Basin | 1 |

iAPS Internal Administrative Processing System



എൻ വിജയകുമാർ ഐപിഎസ്
ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരത്തിന് ഉപരിപത്രം സഹിതം

പകർപ്പ് : സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരത്തിന് ഉപരിപത്രം സഹിതം ഡയറക്ടർ,KEPA, ഐജിപി തൃശ്ശൂർ റേഞ്ച്, എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും എല്ലാ ബറ്റാലിയൻ കമാണ്ടന്റമാർക്കും അറിവിലേക്കും പ്രചാരണത്തിനുമായി തൃശ്ശൂർ ജില്ലാ ഇൻഫർമേഷൻ ഓഫീസർക്ക് പ്രചാരണത്തിനായി തൃശ്ശൂർ കോർപ്പറേഷൻ പ്രചാരണത്തിനായി. തൃശ്ശൂർ റൂറലിലെ എല്ലാ ഓഫീസർമാർക്കും അറിവിലേക്കും അനന്തര നടപടികൾക്കുമായി. നോട്ടീസ് ബോർഡ് സ്റ്റോക്ക് ഫയൽ.